# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3869 12.12.2018-ൽ മറുപടിക്ക്

### മാധ്യമങ്ങൾക്കുള്ള നിയന്ത്രണങ്ങൾ

**ചോദ്യം**

ശ്രീ. പാറക്കൽ അബ്ദുല്ല

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ജനാധിപത്യത്തിന്റെ നാലാം തൂണായി വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾക്ക് സംസ്ഥാനത്ത് ചില പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത് ജനങ്ങളുടെ അറിയാനുള്ള അവകാശത്തിന്റെ നിഷേധവും മാധ്യമ സ്വാതന്ത്ര്യത്തിനു മേലുള്ള കടന്നു കയറ്റവുമാണെന്ന് കരുതുന്നുണ്ടോ;

(സി) മന്ത്രിമാർ പി.ആർ.ഡി മുഖേന മാത്രമേ മാധ്യമങ്ങളോട് സംവദിക്കാവൂ എന്ന് ഉത്തരവിൽ നിർദ്ദേശമുണ്ടോ;

(ഡി) എങ്കിൽ മന്ത്രിമാർ ദൃശ്യമാധ്യമങ്ങളിൽ നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കുന്നതിനും ഫേസ് ബുക്ക് പോലുള്ള സാമൂഹ്യമാധ്യമങ്ങളിലൂടെ വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും പ്രസ്തുത ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ വിലക്കുകൾ ബാധകമാകുമോ; വിശദാംശങ്ങൾ നൽകുമോ?

(എ) യും (ബി) യും (സി) യും (ഡി) യും

അച്ചടി - ദൃശ്യ മാധ്യമങ്ങൾക്ക് ഫലപ്രദമായി അവരുടെ ധർമ്മം നിർവ്വഹിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും സെക്രട്ടേറിയറ്റിലുൾപ്പെടെ ഒരുക്കുന്നതിന് ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് പുതിയ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

മാധ്യമങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനല്ല, മറിച്ച് മാധ്യമങ്ങൾക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സാഹചര്യമൊരുക്കുകയാണ് ഉദ്ദേശ്യം.

പത്രസമ്മേളനങ്ങൾ, പ്രതികരണങ്ങൾ എന്നിവയെല്ലാം എല്ലാ മാധ്യമങ്ങൾക്കും ഒരു പോലെ അറിയിപ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഐ & പി.ആർ.ഡി വഴി സംവിധാനമൊരുക്കും. ഇതിനായി ഒരു മൊബൈൽ ആപ്പ് തയ്യാറാക്കാൻ സർക്കുലറിൽ നിർദ്ദേശമുണ്ട്. യഥാർത്ഥ മാധ്യമപ്രവർത്തകർക്ക് ഇക്കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല.

ഇക്കാര്യത്തിൽ ചില മാനദണ്ഡങ്ങൾ നേരത്തെ നിലവിലുണ്ടായിരുന്നു. ഇപ്പോൾ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങളിൽ ചിലർ ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് യുക്തമായ ഭേദഗതി വരുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ